പെൻഷന് അർഹതയില്ലാത്ത ജീവനക്കാർക്കുകൂടി പെൻഷൻ നൽകാൻ സർക്കാർ നയപരമായ തീരുമാനം കൈക്കൊണ്ടുവരുന്നു. സംസ്ഥാന സർക്കാർ ശമ്പളപരിഷ്കരണത്തോടൊപ്പംതന്നെ സർവ്വീസ് പെൻഷൻകാരുടെ പെൻഷനും പരിഷ്ക്കരിച്ചു. ജീവനക്കാർക്ക് ക്ഷാമബത്ത നൽകുമ്പോൾ അതേ ഉത്തരവിൽത്തന്നെ പെൻഷൻകാർക്കും ക്ഷാമാശ്വാസം അനുവദിക്കുകയുണ്ടായി. സംസ്ഥാന ജീവനക്കാരുടെയും അദ്ധ്യാപകരുടെയും ബോണസിനെക്കുറിച്ചും ഉൽസവബത്തയെക്കുറിച്ചും തീരുമാനമെടുക്കുന്നതിനോടൊപ്പംതന്നെ പെൻഷൻകാരുടെ ഉത്സവബത്തയെക്കുറിച്ചും തീരുമാനമെടുക്കും. ഉത്സവബത്തയുടെ അളവ് ഇന്നത്തെ സാമ്പത്തിക സ്ഥിതിയുടെയും വികസന പ്രവർത്തനങ്ങൾക്ക് വേണ്ടിവരുന്ന ചെലവുകളുടെയും പശ്ചാത്തലത്തിൽ പരിശോധിച്ചശേഷം മാത്രമേ നിശ്ചയിക്കാൻ പറ്റൂ. പക്ഷെ, ഒരുകാര്യം ഞാൻ ഇവിടെ പറയാം. പെൻഷൻകാർക്ക് കൊടുക്കുന്ന ബോണസ് ഓണത്തിന് ജീവനക്കാർക്ക് കൊടുക്കുന്നതുപോലെ ഒരു ലംപ്സം കൊടുത്ത് നിറുത്തലാണ് ഇതുവരെ പതിവെങ്കിൽ ഇത്ര ദിവസത്തെ പെൻഷൻ അവർക്ക് ഓണത്തിന് കൊടുക്കുമെന്ന് പറയലാണ് ശരി. ഇതാണ് ഗവൺമെൻറിന്റെ നയം. അത് എത്ര ദിവസത്തെ പെൻഷൻ കൊടുക്കുമെന്നുതന്നെ വ്യക്തമായി പറയും. ഗവൺമെന്റിന്റെ സാമ്പത്തിക പരിധിയിൽനിന്നുകൊണ്ട് അത് പരമാവധി കൊടുക്കുകയും ചെയ്യും. പിന്നെ പെൻഷൻ നിയമത്തെ സംബന്ധിച്ചാണ് പറഞ്ഞത്. പെൻഷൻ നിയമത്തിന്റെ നാനാവശങ്ങളും പരിശോധിച്ച് ഗവൺമെന്റിന് ഒരു നയപരമായ തീരുമാനമെടുക്കേണ്ടതുണ്ട്. അത് എതിർക്കേണ്ട ഒരു നിയമമല്ല. പക്ഷെ അതിന്റെ എല്ലാ വശങ്ങളും പഠിച്ച് അവരുമായി ചർച്ച ചെയ്ത് അതിനെ സംബന്ധിച്ച് ഉചിതമായ തീരുമാനം ഗവൺമെന്റ് കൈക്കൊള്ളുന്നതാണ്.

(3) നെടുമങ്ങാട് ഗവൺമെന്റ് കോളേജിലെ മെയിൻ ബ്ലോക്കിന്റെ പണി

<u>ശ്രീ. പാലോട് രവി</u> : സർ, വിദ്യാഭ്യാസപരമായി വളരെ പിന്നോക്കം നിൽക്കുന്ന ഒരു മലയോരത്താലൂക്കായ നെടുമങ്ങാട് സ്ഥിതിചെയ്യുന്ന കോളേജാണ് നെടുമങ്ങാട് ഗവൺമെന്റ് കോളേജ്. ഡിഗ്രി, പോസ്റ്റ് ഗ്രാഡ്വേറ്റ് ഡിഗ്രി ഉൾപ്പെടെയുള്ള ഒന്നാംകിട കോളേജുകളിൽ ഒന്നാണ് നെടുമങ്ങാട് കോളേജ്. 15 വർഷങ്ങൾക്കുമുൻപ് പ്രീഡിഗ്രി മാത്രമായി തുടങ്ങിയ ഈ കോളേജ് ഇന്ന് കേരളത്തിലെ പ്രധാനപ്പെട്ട കോളേജുകളിൽ ഒന്നാണ്. ഈ ജില്ലയിലെ ഏറ്റവും വലിയ താലൂക്ക് ആസ്ഥാനത്തുള്ള ഈ കോളേജിന് ആവശ്യമായ സ്ഥലവും ഇപ്പോൾ പ്രവർത്തിക്കുന്ന കോളേജ് ഓഫീസും കോളേജ് കെട്ടിടവും നാട്ടുകാർ പണിതീർത്തുകൊടുത്തതാണ്. ഈ കോളേജിന് ഒരു മെയിൻ ബ്ലോക്ക് പണിയുന്നതിന് 2 വർഷങ്ങൾക്കു മുൻപ് 99 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് എടുക്കുകയുണ്ടായി. അത് ബന്ധപ്പെട്ട ഡിപ്പാർട്ടുമെന്റുകൾക്ക് അയച്ചുകൊടുത്തു. അതിനാവശ്യമായ ഭരണാനുമതി ഇതുവരെ ലഭിച്ചില്ല. അങ്ങ് കോളേജിൽ വന്നതാണ്. ബഹുമാനപ്പെട്ട സ്പീക്കർ പലതവണ കോളേജിൽ വന്നതാണ്. ഈ ഗവൺമെന്റ് കോളേജിന് ഇപ്പോൾ ഗവൺമെന്റിന്റെ പരിഗണനയിലുള്ള മെയിൻ ബ്ലോക്ക് പണിയുന്നതിനാവശ്യമായ അഡ്മിനിസ്ട്രേറ്റീവ് സാങ്ഷൻ നൽകണം, അതിന്റെ പണി തുടങ്ങാനുള്ള നടപടി സ്വീകരിക്കണമെന്നുള്ളതാണ് എന്റെ സബ്മിഷൻ. നമ്മുടെ സർവ്വകലാശാല ശുപാർശ ചെയ്തിട്ടുള്ള കോഴ്സുകൾ, ഏകകണ്ഠമായി ഈ കോളേജിന് ശുപാർശ

LIBRARY ARCHIVES Kerala Legislative Assembly

ചെയ്തിട്ടുള്ള കോഴ്സുകൾകൂടി അനുവദിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി (ശ്രീ. പി.ജെ. ജോസഫ്) : സർ, നെടുമങ്ങാട് കോളേജിലെ മെയിൻ ബ്ലോക്കിനുവേണ്ടി 99 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തുകയ്ക്കുള്ള ബഹുനില കെട്ടിടം പണിയുന്നതിന് ബന്ധപ്പെട്ട ചീഫ് എഞ്ചിനീയർ പ്രോജക്ട് തയ്യാറാക്കി. സർക്കാരിന്റെ ഭരണാനുമതി ലഭിക്കുന്നതിനായി ആവശ്യമായ പ്രോജക്ട് സമർപ്പിക്കുന്നതിനായി കോളേജ് വിദ്യാഭ്യാസ ഡയറക്ടർക്കു നിർദ്ദേശം കൊടുത്തിട്ടുണ്ട്. പ്രൊപ്പോസൽ ലഭിക്കുന്ന മുറയ്ക്ക് അതിനുള്ള എ.എസ്. നൽകുന്നതിനും തുക വകകൊള്ളിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. ഈ വർഷം ബഡ്ജറ്റിൽ തുകയില്ലെന്ന് ബഹുമാനപ്പെട്ട മെമ്പർക്കുതന്നെ അറിയാം. പ്രൊപ്പോസൽ ലഭിച്ചശേഷം ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്. കോഴ്സുകളുടെ കാര്യത്തിൽ കഴിഞ്ഞവർഷം ആ കോളേജിൽ എം.എ. (ഹിസ്റ്ററി) കോഴ്സ് അനുവദിച്ചിട്ടുണ്ട്. ഈ വർഷം പുതിയ കോഴ്സുകൾക്കുള്ള പ്രൊപ്പോസലുകൾ പരിഗണിച്ചുവരുന്നതേയുള്ളു.

(4) താനൂർ മണ്ഡലത്തിലെ കാളാന്തുരുത്തി നടപ്പാലത്തിന്റെ നിർമ്മാണം

ശ്രീ. പി.കെ. അബ്ദുറബ്ബ് : സർ, താനൂർ നിയോജക മണ്ഡലത്തിലെ നങ്ങമ്പ്ര പഞ്ചായത്തിനേയും തിരൂരങ്ങാടി പഞ്ചായത്തിനേയും ബന്ധിപ്പിക്കുന്ന കാളാന്തുരുത്തി നടപ്പാലത്തിന്റെ കാളാന്തുരുത്തി എന്ന പേര് സൂചിപ്പിക്കുന്നതുപോലെതന്നെ ഭൂമിശാസ്ത്രപരമായി ഒരു തുരുത്തായി മറ്റു പ്രദേശങ്ങളിൽ നിന്നും ഒറ്റപ്പെട്ടു കിടക്കുന്ന ഒരു പ്രദേശമാണ് ഇത്. കടലുണ്ടിപ്പുഴയുടെ ഒരു കൈവഴിയാലും വർഷക്കാലത്ത് വെള്ളപ്പൊക്കമുണ്ടാകുന്ന നെൽവയലുകളാലും ചുറ്റപ്പെട്ടു കിടക്കുന്നതാണ് ഈ പ്രദേശം. ഇരുന്നൂറോളം കുടുംബങ്ങൾ താമസിക്കുന്ന ഈ പ്രദേശത്ത് കച്ചവടസ്ഥാപനങ്ങളോ സ്കൂളുകളോ ആശുപത്രിയോ ഇല്ല. ആളുകളുടെ ദൈനംദിന കാര്യങ്ങൾക്കുവരെ കിലോമീറ്ററുകൾ താണ്ടി പരപ്പനങ്ങാടിയിലോ തിരൂരങ്ങാടിയിലോ വരണം. ആ ദുഃസ്ഥിതി പരിഹരിക്കുന്നതിനുവേണ്ടിയാണ് 1994-ൽ കാളാന്തുരുത്തി നടപ്പാലത്തിന് 17.5 ലക്ഷം രൂപയുടെ എസ്റ്റിമേറ്റിന് ഭരണാനുമതി നൽകിയത്. 95-ൽ അതിന് സ്പെഷ്യൽ സാങ്ഷൻ നൽകുകയും ചെയ്തു. എസ്റ്റിമേറ്റുതുകയുടെ 30% പഞ്ചായത്തുകൾ നൽകണമെന്നാണ് ഇതിനു ഭരണാനുമതി നൽകിയപ്പോഴുള്ള നിബന്ധന. പഞ്ചായത്തുകളുടെ സാമ്പത്തിക സ്ഥിതി കണക്കിലെടുത്തുകൊണ്ട് ആ 30% ഒന്നിച്ചടയ്ക്കാതെ പത്തു ക്വാർട്ടർലി ഇൻസ്റ്റാൾമെന്റായി അടയ്ക്കാനും ആദ്യത്തെ ക്വാർട്ടർ അടച്ചുകഴിഞ്ഞാൽ നിർമ്മാണം ആരംഭിക്കാമെന്നുമാണ് തീരുമാനിച്ചിരുന്നത്. 1996-ലെ എസ്റ്റിമേറ്റ് 24.5 ലക്ഷം രൂപ രണ്ടു പഞ്ചായത്തുകളും ആദ്യത്തെ ഗഡു അടച്ചു. 97-98-ലെ ബഡ്ജറ്റിൽ ഭരണാനുമതിക്കുള്ള പ്രവൃത്തികളുടെ കൂട്ടത്തിൽ ഈ പാലം ഉൾപ്പെടുത്തിയിരുന്നില്ല. എന്നാൽ 17-4-98-ൽ ബഹുമാനപ്പെട്ട മന്ത്രി നൽകിയ മറുപടിയിൽ ഒരു പഞ്ചായത്തു വിഹിതം അടച്ചിട്ടുണ്ട്, മറ്റേ പഞ്ചായത്തു വിഹിതം അടച്ചാൽ നിർമ്മാണം ആരംഭിക്കാമെന്നു പറഞ്ഞിരുന്നു. മൂന്നുമാസം കഴിഞ്ഞ് രണ്ടാമതും ബഹുമാനപ്പെട്ട മന്ത്രി തന്ന മറുപടിയിൽ രണ്ടു പഞ്ചായത്തുകളും പണമടച്ചു, പക്ഷെ അതു വില്ലേജ് റോഡായതിനാൽ ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടില്ല എന്നാണു പറഞ്ഞത്. അതിനുശേഷം സപ്ലിമെന്ററി ബഡ്ജറ്റിലും പുതിയ ബഡ്ജറ്റിലും ഈ പാലത്തിന്റെ നിർമ്മാണ

LIBRARY ARCHIVES Kerala Legislative Assembly